**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3764 — 24.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർ ഫെഡ് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഇതിന് ഇടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കൺസ്യൂമർഫെഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ട്. വിഷു, ഓണം-റംസാൻ, ബക്രീദ്, ക്രിസ്മസ് തുടങ്ങി ഉത്സവകാലങ്ങളിൽ വിപുലമായ രീതിയിൽ വിപണന മേളകൾ നടത്തി സബ്സിഡി അനുവദിച്ച് വിൽപ്പന നടത്തുകയും, വിവിധ ധനസഹായ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന വായ്പകൾക്ക് പലിശ നൽകുന്നതും, സഹകരണ സ്ഥാപനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നതും, സാമ്പത്തിക പ്രതിസന്ധിക്ക് ഇടയാക്കിയിട്ടുണ്ട്. വിതരണക്കാർക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ കുടിശ്ശിക വന്നിട്ടുള്ളതിനാൽ, സാധനങ്ങൾ യഥേഷ്ടം ലഭ്യമാക്കാൻ കഴിയാതെ വരികയും, ഉണ്ടായിട്ടുണ്ട്. ഈ അവസ്ഥ വിൽപ്പനയെ പ്രതികൂലമായി ബാധിച്ചിരുന്നു. |

| | | | |
|---|---|---|---|
| (ബി) | കൺസ്യൂമർ ഫെഡ് ജീവനക്കാർക്ക് എത്ര തുകയാണ് ശമ്പളകുടിശ്ശിക ഇനത്തിൽ നൽകാനുള്ളത്? | (ബി) | കൺസ്യൂമർ ഫെഡ് ജീവനക്കാർക്ക് 13.06 ലക്ഷം രൂപ ദിവസവേതന ഇനത്തിൽ നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ